# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1803 | 08.06.2018-ൽ മറുപടിയ്ക്ക് |
|---|---|

**കായംകുളം നഗരസഭയിൽ കേന്ദ്രീകൃത മാലിന്യ സംസ്കരണ പ്ലാന്റ്**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീമതി യു. പ്രതിഭ ഹരി** | **ഡോ.കെ.ടി.ജലീൽ**<br>**തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി** |
| കായംകുളം നഗരസഭയിൽ കേന്ദ്രീകൃത മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിന് സർക്കാർ തലത്തിൽ എത്ര രൂപ അനുവദിച്ചിട്ടുണ്ടെന്നും നിലവിൽ പദ്ധതിയുടെ പുരോഗതി എന്താണെന്നും വിശദമാക്കാമോ? | കായംകുളം നഗരസഭയിലെ കേന്ദ്രീകൃത മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിന് 2.40 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ടി പ്രോജക്ടിനുള്ള സാങ്കേതികാനുമതി ലഭ്യമായിട്ടുണ്ടെങ്കിലും പ്രദേശവാസികളുടെ എതിർപ്പുകൾ മൂലം പ്രവൃത്തി ആരംഭിക്കാൻ കഴിയാതെ വന്നിട്ടുള്ളതും ബഹു.ഹരിത ട്രൈബ്യൂണലിന്റെ നിർദ്ദേശപ്രകാരം ഗ്രീൻ ബെൽറ്റ് രൂപീകരിച്ച് ചുറ്റുമതിൽ നിർമ്മിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ നിർമ്മാണാനുമതി ലഭിച്ചിട്ടുള്ളതുമാണ്. നിലവിലെ ഷെഡ്യൂൾ പ്രകാരം പുതുക്കിയ സാങ്കേതികാനുമതിക്കായി എസ്റ്റിമേറ്റ് റിവൈസ് ചെയ്യാൻ ശുചിത്വ മിഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ